(ഡി) അവിടെ വീട്ടുജോലിയിലേർപ്പെട്ടിരിക്കുന്നവർക്ക് അർഹമായ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുവാൻ എന്ത് നടപടിയെടുത്തിട്ടുണ്ട് ;

(ഇ) ലേബർ ക്യാമ്പുകളിൽപ്പെട്ടവരെ മോചിപ്പിക്കുവാൻ എന്ത് നടപടിയെടുത്തുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

(ബി&സി) ലേബർ ക്യാമ്പുകൾ തൊഴിലാളികളുടെ താമസസ്ഥലമാണ്. ഓരോ തൊഴിൽ ഉടമയ്ക്കും പ്രത്യേകം പ്രത്യേകം ലേബർ ക്യാമ്പുകൾ നിലവിലുണ്ട്. മൊത്തം ലേബർ ക്യാമ്പുകളുടെ സംഖ്യയോ, അവിടെ താമസിക്കുന്ന മലയാളികളുടെ കണക്കോ ലഭ്യമല്ല.

(ഡി) തൊഴിൽ ഉടമ്പടി (labour contract) പ്രകാരം തൊഴിൽ ഉടമ (Sponsor) തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്. ഇതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ മുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ലേബർ ക്യാമ്പുകൾ തൊഴിലാളികളുടെ താമസസ്ഥലമായതിനാൽ അവിടെനിന്നും അവരെ മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

വിദേശത്ത് വച്ച് മരിക്കുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടി ക്രമങ്ങളിലെ മാറ്റം

157 (1468) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്തുവച്ച് നിര്യാതരാകുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുവരുന്നതു സംബന്ധിച്ച നടപടി ക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ വിഷയത്തിൽ മാറ്റങ്ങൾ വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

ചോദ്യം നമ്പർ 1450-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly